465

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യക്ഷേമ വകുപ്പ് - വികലാംഗ സംവരണം 06.08.05 - ലെ സ.ഉ.(പി) നം. 119/ 05/ സാക്ഷേവ റദ്ദ് ചെയ്തും സ.ഉ(പി)നം.43/09/സാക്ഷേവ ഉത്തരവ് ഭേദഗതി വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

സാമൂഹ്യക്ഷേമ (എ) വകുപ്പ്

സഉ(എം.എസ്)നം.37/2011/സാക്ഷേവ. തിരുവനന്തപുരം, തീയതി 02.08.2011

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:- 1) 06.08.05 - ലെ സ.ഉ(പി)നം.119/05/സാക്ഷേവ.
2) 14.12.10 ലെയും തുടർന്നുള്ള തീയതികളിലെയും വിവിധ ഉദ്യോഗാർത്ഥികളുടെ ഹർജികൾ.
3) 13.10.09 - ലെ സ.ഉ.(പി)നം.43/09/സാക്ഷേവ.
4) 22.02.11 -ലെ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ കത്ത് നം.150/11/S2/SCPWD.
5) ബഹു. ഹൈക്കോടതി മുമ്പാകെ ഡോ.സൗമ്യാവതി ഫയൽ ചെയ്തിട്ടുള്ള WP(C)32712/10(L).

<u>**ഉത്തരവ്**</u>

പരാമർശം (1) പ്രകാരം ക്ലാസ് 1,2 വിഭാഗങ്ങളിൽ 20 തസ്തികകൾ വികലാംഗർക്കായി 3% സംവരണ നിയമനത്തിന് അനുയോജ്യമായി കണ്ടെത്തിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഹോമിയോ മെഡിക്കൽ ആഫീസർ തസ്തിക വികലാംഗ വിഭാഗങ്ങളിൽപ്പെട്ട അസ്ഥി വൈകല്യമുള്ളവർക്കും, ഭാഗിക ബധിരതയും കേൾവിക്കുറവുമുള്ളവർക്കുമായിട്ടാണ് സംവരണം ചെയ്തിട്ടുള്ളത്. ട്രാവൻകൂർ മെഡിക്കൽ കൗൺസിൽ ആക്ട് പ്രകാരം അന്ധർ, ബധിര-മൂകർ എന്നീ വിഭാഗങ്ങൾക്ക് മെഡിക്കൽ പ്രവേശന പരീക്ഷയിൽ പങ്കെടുക്കുവാനോ മെഡിക്കൽ ആഫീസറായി പ്രാക്ടീസ് ചെയ്യാനോ പാടില്ല എന്ന മെഡിക്കൽ കൗൺസിലിന്റെ നിയമം ചൂണ്ടിക്കാട്ടി ഭാഗീക ബധിരതയുള്ളവർക്ക് ഹോമിയോ മെഡിക്കൽ ആഫീസർ തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നൽകിയതിൽ പരാമർശം (2) പ്രകാരം വിവിധ ഉദ്യോഗാർത്ഥികൾ പരാതിപ്പെടുകയുണ്ടായി. പരാമർശം (3) പ്രകാരം 48 തസ്തികകൾ ക്ലാസ് 1, 2 വിഭാഗത്തിലും 4 തസ്തികകൾ ക്ലാസ് 3 വിഭാഗത്തിലുമായി വികലാംഗർക്ക് നീക്കി വച്ചിട്ടുണ്ട്. ഇതിൽ ഹോമിയോ മെഡിക്കൽ ആഫീസർ തസ്തിക അസ്ഥി വൈകല്യമുള്ളവർക്ക് (Lower Extremity) മാത്രമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (ക്രമ നമ്പർ 39). ഈ ഉത്തരവ് സർക്കാർ നേരത്തെ കണ്ടെത്തിയ 20 തസ്തികകൾ കൂടി ഉൾപ്പെടുത്തിയാണ് നിശ്ചയിച്ചിട്ടുള്ളത്. അതിൽ ആദ്യത്തെ ഉത്തരവ് റദ്ദ് ചെയ്യതായി സൂചന (3) ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ 2005 -ലെ ഉത്തരവ് പ്രകാരം റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതിനാലായിരിക്കാം ഹോമിയോ മെഡിക്കൽ ആഫീസർ തസ്തിക ഭാഗിക ബധിരതയുള്ളവർക്കും അസ്ഥി വൈകല്യമുള്ളവർക്കുമായി സംവരണം നിശ്ചയിച്ചതെന്നും വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പരാമർശം (1) -ലെ സർക്കാർ ഉത്ത

രവ് അടിയന്തിരമായി റദ്ദ് ചെയ്ത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

കൂടാതെ, പരാമർശം (1) -ൽ ക്രമ നം. 7 ആയ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III എന്നതിനു പകരം പരാമർശം (3) -ലെ പുതുക്കിയ ഉത്തരവിൽ ക്രമ നം. 40 ആയി മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പരാമർശം (3)- ലെ സർക്കാർ ഉത്തരവിൽ ഈ അപാകത കൂടി പരിഹരിക്കുകയും 2005 -ൽ പുറപ്പെടുവിച്ച പരാമർശം (1) -ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്താൽ പരാതി ഒഴിവാക്കാനും ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തികയിൽ വികലാംഗ സംവരണം സംബന്ധിച്ച് പരാതി ഉന്നയിച്ചവർ ഹൈക്കോടതിയിൽ ഇതേ പരാതി തന്നെ പരാമർശം (5) ആയി ഫയൽ ചെയ്തിട്ടുള്ള കേസ് തീർപ്പാക്കാനും കഴിയുമെന്ന് വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും പരാമർശം 3 ഉത്തരവിൽ ക്രമ നം. 40 ആയി ഉൾപ്പെടുത്തിയിട്ടുള്ള മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് II എന്നത് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III എന്ന് ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എലിസബത്ത് കോശി
അഡീഷണൽ സെക്രട്ടറി.

എല്ലാ വകുപ്പ് മേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം, (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Endorsement on file No. AV(3) 4068/03/ഗവി- dtd. 15.11.11.

Copy circulated to all recruitment Sections, S.S Sections, all R.O's, all D.O's and Stock file

11-11-11